# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 നവംബർ 15

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്)/ ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ്/ ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്)/ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ ഡിസംബർ 10 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2016/2019)

രണ്ടാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി - 2016 അഡ്മിഷൻ മുതൽ) പരീക്ഷകൾ നവംബർ 29 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 19 വരെയും 525 രൂപ പിഴയോടെ 20 വരെയും 1050 രൂപ സൂപ്പർഫൈനോടെ 21 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2017/2019)

ആറാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ ഒൻപതു മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2018/2019)

ഓഫ് കാമ്പസ് മൂന്നാം സെമസ്റ്റർ എം.ബി.എ. സപ്ലിമെന്ററി/മേഴ്സി ചാൻസ് (2012 അഡ്മിഷൻ മുതൽ) - ഹ്യൂമൻ റിസോഴ്സ് പ്ലാനിംഗ് എന്ന പേപ്പറിന്റെ പരീക്ഷ നവംബർ 19നും ബി.സി.എ. (2012ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഒന്നാം സെമസ്റ്റർ - പേപ്പർ 4 ആൾജിബ്ര ആന്റ് ലോജിക്, മൂന്നാം സെമസ്റ്റർ - പേപ്പർ 5 ഡേറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം, നാലാം സെമസ്റ്റർ - പേപ്പർ 1 കമ്പ്യൂട്ടർ നെറ്റ്‌വർക്ക്സ്, അഞ്ചാം സെമസ്റ്റർ - പേപ്പർ 1 സിസ്റ്റം സോഫ്റ്റ്‌വെയർ, നാലാം സെമസ്റ്റർ പേപ്പർ 3 - ഒബ്ജക്ട് ഓറിയന്റഡ് പ്രോഗ്രാമിംഗ് വിത്ത് സി++ എന്നീ പേപ്പറുകളുടെ പരീക്ഷകൾ യഥാക്രമംഡിസംബർ മൂന്ന്, നാല്, അഞ്ച്, ആറ്, ഒൻപത് തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2019/2019)

മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി - 2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ഡിസംബർ ആറുമുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2020/2019)

ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.എസ്.ഡബ്ല്യൂ. (അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷകൾ നവംബർ 22 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/2021/2019)

## വൈവാവോസി

2019 ഓഗസ്റ്റ് 19ന് മഹാത്മാ ഗാന്ധി സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിൽ

സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഇംഗ്ലീഷ് കോമൺ ബിരുദ പരീക്ഷ ജനവരി 2019ന്റെ വൈവാവോസി പരീക്ഷയിൽ ഹാജരാകാതിരുന്ന വിദ്യാർഥികൾക്കായി നവംബർ 18ന് സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ രാവിലെ 10 മുതൽ സ്പെഷൽ വൈവാവോസി നടത്തുന്നു. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2022/2019)

## റിസർച്ച് അസിസ്റ്റന്റ്; വോക്-ഇൻ-ഇന്റർവ്യൂ നവംബർ 20ന്

മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിൽ റിസർച്ച് അസിസ്റ്റന്റിന്റെ താത്ക്കാലിക ഒഴിവിലേക്ക് നവംബർ 20ന് രാവിലെ 10ന് സ്കൂൾ ഓഫ് ബയോസയൻസസിൽ വോക്-ഇൻ-ഇന്റർവ്യൂ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2023/2019)

## മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് നവംബർ 28ന്; പ്രാഥമിക വോട്ടർ പട്ടിക നവംബർ 18ന് പ്രസിദ്ധീകരിക്കും

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് (2018-2019) നവംബർ 28ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. പ്രാഥമിക വോട്ടർ പട്ടിക നവംബർ 18ന് രാവിലെ 11ന് പ്രസിദ്ധീകരിക്കും. വോട്ടർ പട്ടിക സംബന്ധിച്ച പരാതികൾ നവംബർ 19ന് ഉച്ചയ്ക്ക് രണ്ടുവരെ സ്വീകരിക്കും. അന്തിമ വോട്ടർ പട്ടിക അന്നേദിവസം വൈകീട്ട് നാലിന് പ്രസിദ്ധീകരിക്കും. നാമനിർദ്ദേശപത്രികകൾ നവംബർ 21ന് ഉച്ചയ്ക്ക് രണ്ടുവരെ സ്വീകരിക്കും. നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന അന്നേദിവസം ഉച്ചയ്ക്ക് 2.05 മുതൽ നടക്കും. കൗൺസിലർമാർക്കുള്ള തിരിച്ചറിയൽ കാർഡുകൾ അതത് കോളേജ് പ്രിൻസിപ്പൽമാർക്ക് നവംബർ 18ന് മുമ്പായി അയച്ചുകൊടുക്കുന്നതാണ്. വിജ്ഞാപനത്തിന്റെ പൂർണരൂപം, വോട്ടർ പട്ടിക, മാതൃകാ നാമനിർദ്ദേശപത്രിക എന്നിവ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2024/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ